കമ്പോളത്തിൽ എണ്ണവില ഇനിയും വളരെ താഴാതെ നിലനിർത്തുകയും ചെയ്യുമെന്ന പ്രതീക്ഷയാണ് ഇപ്പോഴും എണ്ണക്കയറ്റുമതിരാജ്യങ്ങൾക്കുള്ളത്.

ഇക്കഴിഞ്ഞ കൊല്ലത്തിൽ ഇന്ത്യയുടെ വിദേശവ്യാപാരത്തിൽ വമ്പിച്ച കമ്മി ഉണ്ടായിട്ടുണ്ട്. എണ്ണവിലക്കുറവ് ഇന്ത്യയെ ഈ കമ്മി നികത്താൻ കുറെയെങ്കിലും സഹായിച്ചേക്കും.

(ആധാരം: ഫെബ്രുവരി 16—ലെ ജർമൻ ട്രൈബ്യൂണിലെ ഒരു ലേഖനം.)

22—2—1986

# 7. ദക്ഷിണേഷ്യൻ പ്രാദേശിക സഹകരണ സംഘടന

മാലദ്വീപ്, ശ്രീലങ്ക, പാകിസ്ഥാൻ, ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ, ബാംഗ്ലാദേശ് എന്നീ ഏഴ് രാഷ്ട്രങ്ങളുടെ തലവന്മാർ ഇക്കഴിഞ്ഞ ഡിസംബർ ഏഴ്, എട്ട് തീയതികളിൽ ബാംഗ്ലാദേശിന്റെ തലസ്ഥാനമായ ഢാക്കയിൽ സമ്മേളിച്ച്, സ്ഥിരമായി പ്രവർത്തിക്കുന്ന ഒരു 'ദക്ഷിണേഷ്യൻ പ്രാദേശിക സഹകരണ സംഘടന' (സൗത്ത് ഏഷ്യൻ അസോസ്യേഷൻ ഓഫ് റീജിയണൽ കോ—ഓപ്പറേഷൻ—സാർക്ക്) നിലവിൽ വരുത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഈ സംഘടനയ്ക്ക് ഒരു സിക്രട്ടേറിയററ് ഇനി ഉണ്ടാവും. അതിന്റെ ആസ്ഥാനം നേപ്പാൾ ആവാനാണ് സാധ്യത. സംഘടനയുടെ ഇനിയത്തെ ശിഖരസമ്മേളനം അടുത്ത ആണ്ടിൽ ഡില്ലിയിൽ നടക്കും.

പരമാധികാരമുള്ളവയും സ്വതന്ത്രങ്ങളും എങ്കിലും, വലിപ്പത്തിലും ജനസംഖ്യയിലും ഭരണമാതൃകയിലും സാമ്പത്തികവികസനത്തിലും അത്യന്തം വ്യത്യസ്തങ്ങളാണ് ഈ ഏഴ് രാഷ്ട്രങ്ങൾ. അവയിൽ ഏററവും ചെറിയ മാലദ്വീപിൽ ഒന്നര ലക്ഷത്തോളം ജനങ്ങളേ ഉള്ളൂ. ഏററവും വലിയ ഇന്ത്യയിലാകട്ടെ എഴുപതുകോടിയിലേറെയാണ് ഇപ്പോഴത്തെ ജനസംഖ്യ. എങ്കിലും, ബ്രിട്ടീഷ് ആധിപത്യകാലത്ത്, കുറെ സമയത്തേക്കെങ്കിലും ഈ രാഷ്ട്രങ്ങളെല്ലാം ഇന്ത്യയുടെ ഭാഗങ്ങളായി പരിഗണിക്കപ്പെടുകയോ, ഭരണപരമായി ഇന്ത്യയോടു ബന്ധപ്പെടുകയോചെയ്തിരുന്നു. ഈ രാഷ്ട്രങ്ങൾക്ക് പൊതുവേ ഒരേ സാംസ്കാരികപൈതൃകമാണുള്ളത്. ലോകജനതയുടെ അഞ്ചിലൊരു ഭാഗത്തോളം വരുന്ന ഈ രാഷ്ട്രങ്ങളിലെ ജനങ്ങൾ ലോകത്തിൽ ഏററവും അധികം ദാരിദ്ര്യം അനുഭവിക്കുന്നവർകൂടിയാകുന്നു. കലവറയില്ലാത്ത സഹകരണത്തിലൂടെമാത്രമേ ഈ രാഷ്ട്രങ്ങൾക്ക് സാമ്പത്തികവും വ്യാവസായികവുമായ പുരോഗതി നേടാനാവുകയുള്ളു എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഈ പ്രദേശത്ത് സമാധാനവും സുരക്ഷിതത്വവും പുലരണമെങ്കിലും ഈ രാഷ്ട്രങ്ങൾ തമ്മിൽ സഹകരിച്ചേ മതിയാവൂ.

എങ്കിലും, നിർഭാഗ്യമെന്നു പറയട്ടെ, ഈ രാഷ്ട്രങ്ങൾക്കിടയിൽ പല പ്രശ്നങ്ങളുമുണ്ട്. കാശ്മീരിനെച്ചൊല്ലി ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ആരംഭിച്ച തർക്കം, രണ്ടാം യുദ്ധത്തിനുശേഷമുള്ള ലോകത്തിന്റെ ചലം ഒലിക്കുന്ന വ്രണങ്ങളിലൊന്നായി ഇന്നും തുടരുന്നു. ഇന്ത്യയെ പ്രകോപിപ്പിക്കുന്നതിനുള്ള ഒരവസരവും പാകിസ്ഥാൻ വെറുതെ വിടാറില്ല.

അഫ്ഗാനിസ്ഥാനിലെ സോവിയററ് ഇടപെടലിന്റെ പേരിൽ അമേരിക്കയിൽനിന്ന് പാകിസ്ഥാൻ സൗജന്യമായും കടമായും വാങ്ങിക്കൂട്ടുന്ന ആയുധക്കൂമ്പാരം ഇന്ത്യയ്ക്കൊരു നിരന്തരഭീഷണിയാകുന്നു. ഇപ്പോൾ പാകിസ്ഥാൻ അണുബോംബ് നിർമ്മിക്കാനും തുടങ്ങിയിട്ടുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. ഇന്ത്യൻ വിമാനങ്ങൾ അപഹരിച്ചവർക്ക് പാകിസ്ഥാൻ അഭയം നൽകിയിട്ടുണ്ട്. ഇന്ത്യയിൽ അട്ടിമറിപ്രവർത്തനം സംഘടിതമായി നടത്തുന്ന കാശ്മീരിലെയും പഞ്ചാബിലെയും ഉഗ്രവാദികൾക്ക് പാകിസ്ഥാൻ സൈനികപ്രശിക്ഷണവും ആയുധ–ധനസഹായവും കൊടുത്തുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ മുസ്ലീങ്ങളുടെ ജീവനും മതാചാരങ്ങളും അപകടത്തിലാണെന്ന പ്രചാരവേല പാകിസ്ഥാനിലെ പത്രങ്ങളിൽ നിരന്തരമായി നടന്നുകൊണ്ടിരിക്കുന്നു.

ശ്രീലങ്കയിലെ തമിഴ്‌വംശജർ സ്വയംഭരണത്തിനുവേണ്ടിയുള്ള പ്രസ്ഥാനം ആരംഭിച്ചതിനെത്തുടർന്ന് ഇന്ത്യയും ആ രാഷ്ട്രവും തമ്മിലുള്ള ബന്ധങ്ങളും മോശമായിട്ടുണ്ട്. ശ്രീലങ്കയിലെ കലാപനേതാക്കൾക്ക് ഇന്ത്യ രാഷ്ട്രീയാഭയം നൽകിയിരിക്കുകയാണ്. അവർക്ക് പ്രശിക്ഷണവും ആയുധ–ധനസഹായവും ഇന്ത്യയിൽനിന്നു ലഭിക്കുന്നുണ്ടെന്ന് ശ്രീലങ്കയിലെ സർക്കാർ വിശ്വസിക്കുന്നു.

ഗംഗാനദീജലം പങ്കിടുന്നതിനെപ്പററി ഇന്ത്യയും ബാംഗ്ലാദേശും തമ്മിൽ ഒരു തർക്കം ഇപ്പോഴും തീരുമാനമാവാതെ നിലവിലുണ്ട്. ബാംഗ്ലാദേശിൽനിന്ന് അനധികൃതമായി ഇന്ത്യയുടെ കിഴക്കൻപ്രദേശങ്ങളിലേക്കുള്ള കുടിയേററം തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതു് തടയുന്നതിനായി അതിർത്തിയിൽ ഒരു മുൾക്കമ്പിവേലി കെട്ടുന്നതിനുള്ള ഇന്ത്യയുടെ പരിശ്രമത്തെ ബാംഗ്ലാദേശ് എതിർത്തിരിക്കുന്നു. 1971 വരെ അനധികൃതമായി ഇന്ത്യയിൽ കുടിയേറിയ ബാംഗ്ലാദേശികൾക്ക് ഇന്ത്യൻ പൗരത്വം നൽകപ്പെട്ടിട്ടുണ്ട്. 1971–നുശേഷം ഇങ്ങനെ കുടിയേറിയവർക്ക് പൗരത്വം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. പക്ഷേ, അവരെ തിരിച്ചെടുക്കാൻ ബാംഗ്ലാദേശ് തയ്യാറല്ല.

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉഭയകക്ഷിയടിസ്ഥാനത്തിൽ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ, പല മേഖലകളിലും ബഹുകക്ഷിസഹകരണം ഈ രാഷ്ട്രങ്ങൾക്കിടയിൽ സാധ്യമാണ്; ആവശ്യവുമാണ്. സഹകരണത്തിന്റെ ഇത്തരം മേഖലകളെപ്പററിയുള്ള അന്വേഷണം ഏതാനും വർഷങ്ങളായി മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നടന്നുകൊണ്ടിരിക്കുകയായിരുന്നു. വാർത്താവിതരണം, ഗ്രാമവികസനം, ജനസംഖ്യാനിയന്ത്രണം, കാലാവസ്ഥാപ്രവചനം, ഗതാഗതം, തപാൽപ്രവർത്തനം, ശാസ്ത്രീയ–സാങ്കേതികസഹകരണം, കായികവിനോദങ്ങൾ, സംസ്കാരവും റേഡിയോ–ടെലിവിഷൻപ്രക്ഷേപണങ്ങളും എന്നിങ്ങനെ ഒമ്പതു മണ്ഡലങ്ങൾ ഈ രാഷ്ട്രങ്ങൾ തമ്മിൽ സഹകരണത്തിനുവേണ്ടി മുമ്പുതന്നെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

ധാക്കാസമ്മേളനത്തിൽ ദക്ഷിണേഷ്യൻ പ്രാദേശിക സഹകരണസംഘടനയുടെ ചാർട്ടർ അംഗീകരിക്കപ്പെട്ടു. സമ്മേളനത്തിൽ പങ്കെടുത്ത രാഷ്ട്രങ്ങൾക്ക് ഐക്യരാഷ്ട്രസംഘടനയുടെ അടിസ്ഥാനതത്ത്വങ്ങളിലും, ചേരിചേരായ്മയിലുമുള്ള വിശ്വാസം ആവർത്തിച്ച് ഉറപ്പിച്ചുകൊണ്ടും, സാമ്പത്തികവികസനത്തിന് ഈ രാഷ്ട്രങ്ങൾ പരസ്പരം സമത്വബുദ്ധിയോടെയും ആഭ്യന്തരകാര്യങ്ങളിലിടപെടാതെയും സഹകരിക്കേണ്ടതിന്റെ ആവശ്യം ഊന്നിപ്പറഞ്ഞുകൊണ്ടും, വൻശക്തികളുടെ അണ്വായുധപ്പന്തയത്തിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടും, ജനീവയിൽ അമേരിക്കൻ പ്രസിഡണ്ട് റേയ്ഗനും സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി ഗോർബച്ചേവും തമ്മിൽ നടന്ന ശിഖരസമ്മേളനത്തെ സ്വാഗതംചെയ്തുകൊണ്ടും,

ഒരു സംയുക്തപ്രസ്താവനയും സമ്മേളനത്തിന്റെ വകയായി പ്രസിദ്ധീകരിക്കുകയുണ്ടായി.

ഉഗ്രവാദികളുടെ അട്ടിമറി—ഹിംസാപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനായി ഏഴ് രാഷ്ട്രങ്ങളും പരസ്പരം സഹകരിക്കണമെന്ന് ഢാക്കാ സമ്മേളനം തീരുമാനിച്ചിട്ടുണ്ട്. ഇത് മുഖ്യമായും പാകിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ഒരു പ്രശ്നമാണ്. കാവൽ ഇല്ലാത്ത പാകിസ്ഥാൻ—രാജസ്ഥാൻ അതിർത്തിയിലൂടെ ഭീകരപ്രവർത്തകർ വലിയതോതിൽ ഇന്ത്യയിലേക്ക് നുഴഞ്ഞുകടക്കുന്നുണ്ടെന്നും, പഞ്ചാബിൽ അടുത്തകാലത്ത് ഉണ്ടായ അട്ടിമറികൾക്കും കൊലപാതകങ്ങൾക്കും ഉത്തരവാദികൾ പാകിസ്ഥാൻ താവളമാക്കി പ്രവർത്തിക്കുന്ന ഇവരാണെന്നും പഞ്ചാബ് മുഖ്യമന്ത്രി ബർണാല പ്രസ്താവിച്ചിട്ടുണ്ട്. പഞ്ചാബിലെയും കാശ്മീരിലെയും വിഘടനവാദത്തിന്റെ വേരുകൾ പാകിസ്ഥാനിലാണ്. പാകിസ്ഥാൻ സഹകരിക്കുന്നപക്ഷം ഈ പ്രശ്നം സ്ഥിരമായി പരിഹരിക്കുക ഇന്ത്യയ്ക്ക് പ്രയാസമായിരിക്കുകയില്ല.

ഇതോടൊപ്പം ശ്രീലങ്കയിലെ തമിഴ് ഉഗ്രവാദികൾക്ക് ഇന്ത്യ അഭയം നൽകുന്ന പ്രശ്നംകൂടി, സ്വാഭാവികമായി, ഉയർന്നുവരും. രാജീവ്ഗാന്ധി ഈ പ്രശ്നത്തിൽ കൈക്കൊള്ളുന്ന മിതമായ നയം ശ്രീലങ്കയിൽ പരക്കെ ആദരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, തമിഴ്നാട്ടിലെ ദ്രാവിഡ കഴകവും ദ്രാവിഡ മുന്നേററകഴകവും ഈ മിതത്വത്തിനെതിരാണ്. ബാംഗ്ലാദേശിന്റെ വിമോചനസമരത്തിൽ ഇടപെട്ടതുപോലെ ഇന്ത്യൻ സേന ശ്രീലങ്കയിലെ തമിഴരുടെ വിമോചനസമരത്തിൽ നേരിട്ട് ഇടപെടണമെന്നു വാദിക്കുന്നവർ തമിഴ്നാട്ടിൽ കുറവല്ല. തമിഴ്വംശജരുടെ സ്വയംഭരണപ്രശ്നം നീണ്ടുപോകുന്നത് ശ്രീലങ്കയ്ക്കെന്നപോലെ ഇന്ത്യയ്ക്കും വലിയൊരു തലവേദന ആയിരിക്കും.

ദക്ഷിണേഷ്യൻ രാഷ്ട്രത്തലവന്മാരുടെ ഢാക്കാസമ്മേളനം ചർച്ച ചെയ്ത മററൊരു വിഷയം മയക്കുമരുന്നുകളുടെ കള്ളക്കടത്ത് ആയിരുന്നു. അത്യന്തം ആപല്ക്കരങ്ങളായ മയക്കുമരുന്നുകൾ കറുപ്പിൽ (ഓപ്പിയത്തിൽ) നിന്ന് എടുക്കുന്നവയാണ്. ലോകത്തിലെ ഏററവും വലിയ രണ്ട് കറുപ്പുകൃഷികേന്ദ്രങ്ങൾ ഇന്ത്യയുടെ വടക്കെ അതിർത്തിയിലാണുള്ളത്. ഇവയിൽത്തന്നെ ഏററവും കൂടുതൽ കറുപ്പ് ഉല്പാദനം നടക്കുന്നത് ഇറാൻ, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട 'സ്വർണ്ണക്കല'(ഗോൾഡൻ ക്രെസൻറ്)പ്രദേശത്താണ്. ലോകകറുപ്പുല്പാദനത്തിലെ എഴുപതു ശതമാനവും വിററഴിക്കപ്പെടുന്നത് പാകിസ്ഥാനിലൂടെയാണത്രേ. ബർമ്മയും ലാവോസും കമ്പൂച്ചിയയും മററും ഉൾപ്പെട്ട 'സ്വർണ്ണത്രികോണം' (ഗോൾഡൻ ട്രയാംഗിൾ) ആണ് മററൊരു മുഖ്യ കറുപ്പുല്പാദനപ്രദേശം.

'സ്വർണക്കല'പ്രദേശത്ത് ഉണ്ടാക്കുന്ന കറുപ്പ്, പാകിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും ഉള്ള ഫാക്ടറികളിൽ സംസ്കരിച്ച് 'ഹെറോയ്ൻ' ആക്കിയും, അസംസ്കൃതരൂപത്തിലും കച്ചിലൂടെ ഗുജറാത്തിലേക്കും ബാർമേർ പ്രദേശത്തുകൂടെ രാജസ്ഥാനിലേക്കും കടത്തുന്നു. കാശ്മീരിലേക്കും വലിയ തോതിൽ കറുപ്പും അതിൽനിന്നുള്ള ഉല്പന്നങ്ങളും കളവായി കടത്തുന്നുണ്ട്. പഞ്ചാബിലെ ഉഗ്രവാദികൾക്കും മയക്കുമരുന്നുകളുടെ കള്ളക്കടത്തിൽ സക്രിയതാത്പര്യം ഉള്ളതായി പറയപ്പെടുന്നു. ബോംബേയിലെ ധാരാവി, ജോഗേശ്വരി മുതലായ സ്ഥലങ്ങളിൽ ഒളിച്ചുനടത്തുന്ന വലിയ കറുപ്പുഫാക്ടറികൾ ഈയിടെ കണ്ടുപിടിക്കപ്പെടുകയുണ്ടായി. ബോംബെയിലെ അധോലോകരാജാക്കന്മാരായ വരദരാജമുതലിയാർ, ഹാജി മസ്താൻ മുതലായവർക്ക് മയക്കുമരുന്നുനിർമ്മാണവും കള്ളക്കടെ

ത്തുമായി ബന്ധമുള്ളതായും, ഇവർക്ക് രാഷ്ട്രീയപ്പാർട്ടികളുടെ സംരക്ഷണം ലഭിക്കുന്നതായും ആരോപിക്കപ്പെടുന്നു.

കഞ്ചാവിൽനിന്നെടുക്കുന്നവയാണ് മറ്റൊരുതരം മയക്കുമരുന്നുകൾ. ലോകത്തിലെ ഏറ്റവും വലിയ കഞ്ചാവുകൃഷിയിടങ്ങളിൽ ചിലതു് ഇന്ത്യയിലാണ്. കഞ്ചാവുകൃഷിയുടെ ലോകഭൂപടത്തിൽ നന്നേ കറുത്ത ഒരു സ്ഥാനം കേരളത്തിനുമുണ്ട്. ചരസ്, ഹാഷിഷ്, ഭാംഗ്, ഗാഞ്ച മുതലായ പല രൂപങ്ങളിൽ ഈ വിഷസസ്യം ഉപയോഗിക്കപ്പെടുന്നു. വലിയതോതിൽ ഇതു് ഇന്ത്യയിൽനിന്നു് കളവായി കയററിയയയ്ക്കുന്നുണ്ട്.

ഇന്ത്യക്കുകത്തും മയക്കുമരുന്നുകളുടെ ഉപയോഗം ആപല്ക്കരമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. മയക്കുമരുന്നുകളുടെ നിർമ്മാണം, വ്യാപാരം, ഉപയോഗം മുതലായവ കർശനമായി നിയന്ത്രിക്കുന്ന ഒരു നിയമം (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട്) പാർലമെൻറ് ഈ ആണ്ടിൽ പാസ്സാക്കുകയുണ്ടായി. പാർലമെൻറിൽ അമിതാഭ് ബച്ചൻ നടാടെ ഒരു പ്രസംഗംചെയ്യതു് ഈ ബില്ലിനെ പിൻതാങ്ങിയായിരുന്നു. ഈ ബിൽ പാസ്സായതിനെത്തുടർന്നു്, മയക്കുമരുന്നുകൾ സംബന്ധിച്ച ഒരു ഉപവകുപ്പ് (നാർക്കോട്ടിക്സ് ബ്യൂറോ) ആഭ്യന്തരമന്ത്രാലയത്തിന്റെ കീഴിൽ സ്ഥാപിക്കാൻ കേന്ദ്രഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്രഗവണ്മെൻറും സംസ്ഥാനഗവണ്മെൻറുകളും തമ്മിൽ പരിപൂർണ സഹകരണമുണ്ടെങ്കിൽമാത്രമേ പകർച്ചവ്യാധിപോലെ ഇന്ത്യയിൽ പടർന്നുപിടിച്ചുവരുന്ന മയക്കുമരുന്നുശീലം തടയാനൊക്കൂ. വിദ്യാർത്ഥികൾ, പ്രത്യേകിച്ച്, സമ്പന്നസന്തതികളാണ് ഈ ആപത്തിനു് കൂടുതൽ വിധേയരായിക്കൊണ്ടിരിക്കുന്നതു്. മയക്കുമരുന്നു കച്ചവടം ആദ്യമായി കണ്ടുപിടിക്കപ്പെട്ടാൽ, കച്ചവടക്കാരനു് ചുരുങ്ങിയതു് പത്തുകൊല്ലത്തെ തടവും ഒരുലക്ഷം രൂപാ പിഴയും ശിക്ഷയായി നൽകാമെന്നും, കുററം ആവർത്തിച്ചാൽ തടവു് പതിനഞ്ചുവർഷവും പിഴ രണ്ടുലക്ഷം രൂപയുമായി ഉയർത്താമെന്നും 1985—ലെ മയക്കുമരുന്നുനിയന്ത്രണനിയമം വ്യവസ്ഥചെയ്യുന്നു. നമ്മുടെ കോളേജ് പരിസരങ്ങളിലെ കഞ്ചാവുകടക്കാരോ, അവരെ പരിപാലിക്കുന്ന പോലീസുകാരോ പൊതുജനങ്ങളോ ഈ കഥ അറിഞ്ഞിട്ടുണ്ടോ, ആവോ!

ഏതായാലും, പാകിസ്ഥാനും ഇന്ത്യയും ഒത്തുചേർന്നു് ആത്മാർത്ഥമായി ശ്രമിക്കുന്നപക്ഷം, ലോകത്തിലെ മയക്കുമരുന്നുവ്യാപാരം ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്നതിൽ യാതൊരു സംശയവുമില്ല. മയക്കുമരുന്നുനിയന്ത്രണത്തിൽ സഹകരിക്കാൻ ഢാക്കാസമ്മേളനരാഷ്ട്രങ്ങൾ തീരുമാനിച്ചിട്ടുള്ളതു സന്തോഷകരമാണ്.

തർക്കമുള്ള ഒരു വിഷയവും ഢാക്കാസമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായില്ല. സർവ്വസമ്മതമായല്ലാതെ ഒരു തീരുമാനവും ദക്ഷിണേഷ്യൻ പ്രാദേശിക സഹകരണസംഘടന കൈക്കൊള്ളുകയില്ലെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതു് ഒരുതരം ഒട്ടകപ്പക്ഷിനയമായി തോന്നിയേക്കാം. ഢാക്കാസമ്മേളനത്തിൽ സന്നിഹിതരായ രാഷ്ട്രത്തലവന്മാർ ഡിസംബർ എട്ടാം തീയതി മേഘ്നാനദിയിലൂടെ ഒരു വിനോദയാത്ര നടത്തിയതു് 'ഒട്ടകപ്പക്ഷി' (ഓസ്ട്രിച്ച്) എന്നു പേരുള്ള ഒരു കപ്പലിലായിരുന്നു എന്നതു് അർത്ഥഗർഭമാണ്. വലിപ്പമോ ചെറുപ്പമോ കണക്കാക്കാത്ത, സ്വതന്ത്ര പരമാധികാരരാഷ്ട്രങ്ങളുടെ സഹകരണമാത്രാധിഷ്ഠിതമായ ഒരു സംഘടനയ്ക്കു് പല കാര്യങ്ങളിലും കണ്ണടയ്ക്കേണ്ടിവരും; പ്രത്യേകിച്ചും ഈ രാഷ്ട്രങ്ങളിൽ ചിലതു് ജനാധിപത്യങ്ങളും മററു ചിലതു് രാജവാഴ്ചകളും വേറെ ചിലതു് പട്ടാളഭരണങ്ങളുമാകുമ്പോൾ. വേറെ ഒരു ഫലവുമുണ്ടായില്ലെങ്കിലും, രാഷ്ട്രത്തലവന്മാർക്കു് പരസ്പരം കാണാനും,

ഇരുന്നു സംസാരിക്കാനും, അന്യോന്യം മനസ്സിലാക്കാനും അവസരം നൽകുന്നു എന്നതുതന്നെ ഇത്തരം സംഘടനകളിൽനിന്നു ലഭിക്കുന്ന വലിയ സേവനമാണ്. ക്ലിയോപാട്രയുടെ മൂക്കിന്റെ ആകൃതി മനുഷ്യവർഗത്തിന്റെ ഭാഗ്യനിർഭാഗ്യങ്ങളെ നിർണായകമായി സ്വാധീനിക്കുകയെന്നതു് ഇപ്പോഴും തീരെ നടക്കാത്തതായിട്ടില്ലല്ലോ.

10–12–1985

# 8. ഇന്ത്യ-ചൈന അതിർത്തിത്തർക്കം

ഇന്ത്യയ്ക്കും ചൈനയ്ക്കും നടുവിലുള്ള അതിർത്തിരേഖ നാലായിരത്തഞ്ഞൂറു കിലോമീറ്ററോളം നീണ്ടുകിടക്കുന്നു.

സൗകര്യത്തിനുവേണ്ടി ഈ അതിർത്തിയെ പടിഞ്ഞാറ്, നടു, കിഴക്ക് എന്നു മൂന്നായി വിഭജിച്ചിട്ടുണ്ട്.

പടിഞ്ഞാറെ അതിർത്തിയിൽ, കാശ്മീരിലെ ലഡാക്ക്പ്രദേശം ചൈനയിലെ തിബത്ത് സ്വയംഭരണപ്രദേശവുമായി മുട്ടിയുരുമ്മിക്കിടക്കുന്നു. ഇവിടത്തെ ഇന്ത്യ–ചൈന അതിർത്തി 1914–ൽ അന്നത്തെ ബ്രിട്ടീഷ് ഇന്ത്യൻ സർക്കാരും തിബത്ത് സർക്കാരും തമ്മിലുള്ള ഒരു സന്ധിയുടെ ഫലമായി നിലവിൽവന്നതാണ്. തിബത്ത് തങ്ങളുടെ കീഴിലുള്ള ഒരു സാമന്തരാജ്യമാണെന്ന് ചൈന അന്ന്, എന്നും, കരുതിവന്നിരുന്നു. എന്നാൽ, ദലായ്‌ലാമയുടെ കീഴിൽ അതൊരു സ്വതന്ത്രരാജ്യമാണെന്നാണ് ബ്രിട്ടീഷ്–ഇന്ത്യൻ സർക്കാർ കരുതിയിരുന്നതു്. തിബത്തിൽ പട്ടാളങ്ങളെ നിർത്താൻ ബ്രിട്ടീഷ്–ഇന്ത്യൻ സർക്കാർ അനുവദിക്കപ്പെട്ടിരുന്നു. തിബത്തിലെ തപാൽ–കമ്പി–ടെലിഫോൺ വകുപ്പുകൾ നടത്തിയിരുന്നതു് ഇന്ത്യാഗവണ്മെന്റ് ആയിരുന്നു.

1949 ഒക്ടോബർ 1–ാം തീയതി ജനകീയ(കമ്യൂണിസ്റ്റ്)ചൈന സ്ഥാപിക്കപ്പെട്ടതായി മാവോ സി ഡോങ് പ്രഖ്യാപിച്ചു. 1951–ൽ ചൈനീസ് പട്ടാളക്കാർ ആദ്യമായി തിബത്തിൽ കടന്നു. 1954–ൽ ഇന്ത്യയും ചൈനയും തമ്മിലുണ്ടാക്കിയ ഒരു കരാർ അനുസരിച്ച്, തിബത്തിൽ ബ്രിട്ടീഷ്–ഇന്ത്യാഗവണ്മെന്റ് സമ്പാദിച്ചതും സ്വതന്ത്ര ഇന്ത്യാഗവണ്മെന്റ് നിലനിർത്തിപ്പോന്നതുമായ പ്രത്യേകാവകാശങ്ങൾ ഇന്ത്യ ഉപേക്ഷിച്ചു. 1959 ചൈനീസ്പട്ടാളം തിബത്തിൽ പിടിമുറുക്കിയതിനെത്തുടർന്ന് തിബത്തിന്റെ ഭരണത്തലവനായിരുന്ന ദലായ്‌ലാമ ഇന്ത്യയിലേക്ക് ഓടി രക്ഷപ്പെട്ടു. (ലാമ ഇന്നും ഇന്ത്യയിൽത്തന്നെ).

ഇതിനുമുമ്പ്, 1955–ൽ അതിർത്തിയിൽ ഉടനീളം ചൈനീസ് പട്ടാളക്കാരും ഇന്ത്യൻ പട്ടാളക്കാരും തമ്മിൽ ഏറ്റുമുട്ടലുകൾ ആരംഭിച്ചിരുന്നു. അതിർത്തിയുടെ നടുവിഭാഗത്തിൽ വടക്കെ ഉത്തരപ്രദേശിൽ 'ബാരാഹോട്ടി' എന്ന സ്ഥലത്തിലെ മേച്ചിൽപ്പുറങ്ങളിലേക്കുള്ള ചൈനീസ് പട്ടാളക്കാരുടെ നുഴഞ്ഞുകയറ്റം, അതിർത്തിയുടെ കിഴക്കെ വിഭാഗത്തിൽ ഖിൻസേമാനേ, ലോങ്ജു എന്നീ പ്രദേശങ്ങളിൽ ഇന്ത്യൻ അതിർത്തിയുടെ ലംഘനം, അതിർത്തിയുടെ പടിഞ്ഞാറെ വിഭാഗത്തിൽ, ലഡാഖിൽ അക്സായിചിൻ, സ്പാൻഗ്ഗുർ തടാകം, ഖുർനാക് കോട്ട എന്നിവ ചൈനീസ് പട്ടാളങ്ങൾ പിടിച്ചടക്കിയതു്, ഇന്ത്യാ–തിബത്ത് അതിർത്തിപ്രദേശത്തെ ഏതാനും പട്ടാളക്കാരെ ചീനക്കാർ കൊന്നതു്, അവരുടെ നേതാവായ കരംസിങ്ങിനെ തട്ടിക്കൊണ്ടുപോയി ദേഹോപദ്രവമേല്പിച്ചു